<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5194**</u> <u>**02-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**സർവ്വകലാശാലകളിലെ ഡെപ്യൂട്ടേഷൻ / കരാർ നിയമന യോഗ്യത**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകൾ, സർവകലാശാലകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിര നിയമനത്തിനും പ്രസ്തുത തസ്തികകളിലേക്കുള്ള ഡപ്യൂട്ടേഷൻ, കരാർ നിയമനങ്ങൾക്കും ഒരേ യോഗ്യതകൾ തന്നെയാണോ നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സ്ഥിര നിയമനത്തിനുള്ള തസ്തികകൾക്കുള്ള യോഗ്യത പരിഗണിക്കുന്നത് നിലവിലെ സ്പെഷ്യൽ റൂൾ അനുസരിച്ചാണ്. പ്രസ്തുത തസ്തികകളി ലേക്കുള്ള ഡെപ്യൂട്ടേഷൻ/കരാർ നിയമനങ്ങൾക്ക് സ്ഥിര നിയമനത്തി നുള്ള യോഗ്യതയാണ് മാനദണ്ഡ മാക്കുന്നത്. |
| (ബി) | പ്രസ്തുത സ്ഥിരം തസ്തികകളിൽ കരാർ/ഡപ്യൂട്ടേഷൻ നിയമനങ്ങൾക്കുള്ള യോഗ്യതയിൽ ഇളവ്വ് വരുത്തുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് അനുവദനീയമാണോ; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്ഥിര തസ്തികകളിൽ കരാർ/ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്കുള്ള യോഗ്യതയിൽ മാറ്റം വരുത്തുകയോ ഇളവ് വരുത്തുകയോ ചെയ്യാറില്ല. എന്നിരുന്നാലും ചില തസ്തികകളുടെ Contract/deputation നിയമനങ്ങൾ വിജ്ഞാപനം ചെയ്യുമ്പോൾ തസ്തികകളുടെ പ്രാധാന്യവും ഉദ്യോഗാർത്ഥികളുടെ ലഭ്യതയും കണക്കിലെടുത്തു സെലക്ഷൻ കമ്മിറ്റികൾ മറ്റ് യോഗ്യതകൾ കൂടി ഉൾപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ